ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക

40(1513)ശ്രീ. എൻ.ആർ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് 4.3.1995-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽഫലം ഇതുവരെയും പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇനിയും കാലതാമസം കൂടാതെ പ്രസിദ്ധീകരിച്ച് നിയമനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 4.3.1995-ൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല

(സി)&(ഡി) പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആംഡ് പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. ലിസ്റ്റ്

41(1514)ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റ് എന്ന് നിലവിൽവന്നു എന്നും എന്നേക്ക് ഇതിന്റെ കാലാവധി കഴിയും എന്ന അറിയിക്കുമോ;

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ പുതുതായി കെ.എ.പി. യിലേക്ക് കോൺസ്റ്റബിൾമാരുടെ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനു മുമ്പായി നിലവിലുള്ള ഒഴിവുകളിലേക്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എ.പി. -1, കെ.എ.പി.-3, കെ.എ.പി.-4, കെ.എ.പി.-5, എന്നീ ബറ്റാലിയനുകളിലേക്ക് റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(ബി)

ബറ്റാലിയൻ	റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി	റദ്ദാക്കുന്ന തീയതി
കെ.എ.പി. 1	8.7.97	7.7.2000
കെ.എ.പി. 3	15.7.97	14.7.2000
കെ.എ.പി. 4	8.7.97	7.7.2000

LIBRARY ARCHIVES Kerala Legislative Assembly

കെ.എ.പി. 5	25.7.97	24.7.2000

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

41(1514)ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിനായി വിവിധ ജില്ലകളിൽ പി.എസ്.സി.റാങ്ക് ലിസ്റ്റ് അവസാനം പ്രസിദ്ധീകരിച്ചത് എതു വർഷമാണ്; പ്രസ്തുത ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ഓരോ ജില്ലയിലും നിയമനം ലഭിക്കാൻ ഇനി എത്രപേർ വീതം ലിസ്റ്റിൽ ശേഷിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിക്കാനായി ലിസ്റ്റിൽ ശേഷിക്കുന്നവർക്കെല്ലാം തന്നെ ഇനി അപേക്ഷിക്കാനാവാത്തവിധം പ്രായപരിധി കഴിഞ്ഞവരായതു കൊണ്ട് മുഴുവൻപേർക്കും നിയമനം നൽകണമെന്നഭ്യർത്ഥിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ഡി) ലിസ്റ്റിലുള്ളവരുടെ അഭ്യർത്ഥന മാനിച്ച് ശേഷിക്കുന്ന എല്ലാ പേർക്കും നിയമനം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വിവിധ ബറ്റാലിയനുകളിൽ കോൺസ്റ്റബിൾമാരെ നിയമിക്കുവാൻ 1997 ജൂലൈ മാസത്തിലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചത്. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും വിവിധ ബറ്റാലിയനുകളിൽ 31.12.99 വരെ നിയമിക്കപ്പെട്ടവരുടെ ബറ്റാലിയൻ തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

കെ.എ.പി. 1	-	992
കെ.എ.പി. 2	-	884
കെ.എ.പി. 3	-	977
കെ.എ.പി. 4	-	824
കെ.എ.പി. 5	-	570
എസ്.എ.പി.	-	1331
എം.എസ്.പി.	-	1157

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി)&(ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ള ബറ്റാലിയനുകളിലെ പോലീസ് കോൺസ്റ്റബിൾമാരുടെ സ്ഥിരം ഒഴിവുകളുടെ എണ്ണം കണക്കാക്കി മാത്രമേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കുകയുള്ളൂ. റാങ്ക് ലിസ്റ്റ് നിലവിലുള്ള ബറ്റാലിയനുകളെ പോലീസ് കോൺസ്റ്റബിൾമാരുടെ 31.12.99

LIBRARY ARCHIVES Kerala Legislative Assembly